# NATIONAL BULLETIN

DATE: 20.02.2026 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. നിർമിതബുദ്ധി ആഗോള പൊതുനന്മയ്ക്കായി പ്രയോജനപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **AI** ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ ലോക നേതാക്കളുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി.

   **Prime Minister Narendra Modi calls for developing collective resolve of AI for global common good; Prime Minister holds series of bilateral meetings with world leaders on sidelines of ongoing India AI Impact Summit.**

2. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് അസമിൽ വൈബ്രന്റ് വില്ലേജസ് പ്രോഗ്രാം രണ്ടാം ഘട്ടം ഉദ്ഘാടനം ചെയ്യും.

   **Union Home Minister Amit Shah to launch the Vibrant Villages Programme-II in Assam today.**

3. കർണാടക, ഡൽഹി ഉൾപ്പടെ 22 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനു മുന്നോടിയായുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ നിർദേശിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **The Election Commission of India directs 22 states and Union Territories, including Karnataka and Delhi, to complete the preparatory work for the Special Intensive Revision of electoral rolls.**

4. കേരളത്തിൽ എസ് ഐ ആറിന്റെ ഭാഗമായി രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ഇന്ന് തിരുവനന്തപുരത്ത് ; അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും.

In Kerala, a meeting of representatives of political parties to be held in Thiruvananthapuram today as part of the Special Intensive Revision. The final electoral roll will be published tomorrow.

5. സമുദ്ര സുരക്ഷ മേഖലയിൽ ലോകരാഷ്ട്രങ്ങൾ ഇന്ത്യയെ വിശ്വസ്ത പങ്കാളിയായി കാണുന്നതിന്റെ തെളിവാണ് മിലൻ നാവിക സേനാ അഭ്യാസത്തിന്റെ 13-ാം പതിപ്പെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്.

Defence Minister Rajnath Singh says, the 13th edition of the MILAN Naval Exercise is proof that countries around the world see India as a trusted partner in the field of maritime security.

6. രഞ്ജി ട്രോഫി ക്രിക്കറ്റിൽ കർണാടക ഫൈനലിൽ. ജമ്മു കാശ്മീരുമായി ഈ മാസം 24 ന് കിരീടപ്പോരാട്ടം.

Karnataka Reaches Ranji Trophy Final; Karnataka team will face Jammu and Kashmir in the title clash on the 24th of this month.

&&&&&&&&&&&&&&&&&&

## AI SUMMIT - DAY 5

ഇന്ത്യ - എ ഐ ഇംപാക്ട് ഉച്ചകോടി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പുരോഗമിക്കുന്നു. ഉച്ചകോടിയുടെ അഞ്ചാം ദിവസമായ ഇന്ന് ആഗോള എ ഐ രംഗവുമായി ബന്ധപ്പെട്ട് നേതാക്കളുടെ പ്രഖ്യാപനമുണ്ടാകും. GPAI യുടെ ഉന്നതതല കൗൺസിൽ യോഗവും നടക്കും. ഉച്ചകോടിയുടെ ഭാഗമായുള്ള എ ഐ ഇംപാക്ട് എക്സ്പോ നാളെ വരെ നീട്ടിയിട്ടുണ്ട്.

************************

## PM - AI SUMMIT (INTRO)

നിർമിതബുദ്ധി ആഗോള പൊതുനന്മയ്ക്കായി പ്രയോജനപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ത്യ AI ഇംപാക്റ്റ് ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നിർമിതബുദ്ധിയെ ജനാധിപത്യവൽക്കരിക്കണമെന്നും ഉൾച്ചേർക്കലിനും ശാക്തീകരണത്തിനുമുള്ള ഉപകരണമായി AI

മാറണമെന്നും പ്രധാനമന്ത്രി പറഞ്ഞു. ലോകത്തിൽ ഏറ്റവും കൂടുതൽ സാങ്കേതിക പ്രതിഭകളുള്ളത് ഇന്ത്യയിലാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്)

എഐ ഉച്ചകോടിയുടെ ഭാഗമായി പ്രധാനമന്ത്രി അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ ഉൾപ്പടെയുള്ള ലോക നേതാക്കളുമായി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തി.

*************************

## PM-CEO ROUNDTABLE

എഐ ഇംപാക്ട് ഉച്ചകോടിയുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ വ്യാപാര പ്രമുഖരുമായി റൗണ്ട് ടേബിൾ ചർച്ച നടത്തി. എ ഐ സാങ്കേതികവിദ്യ, നവീകരണം എന്നീ മേഖലകളിൽ നിന്നുള്ള വിവിധ പങ്കാളികൾ ചർച്ചയിൽ പങ്കെടുത്തതായി ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

*************************

## MACRON-RAFALE

റാഫേൽ വിമാനങ്ങളുമായി ബന്ധപ്പെട്ട് ഫ്രാൻസും ഇന്ത്യയും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്താൻ ആഗ്രഹിക്കുന്നതായി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ. 114 റാഫേൽ ജെറ്റുകൾ കൂടി വാങ്ങാനും സഹകരിച്ച് നിർമ്മിക്കാനും ഇന്ത്യ താൽപര്യം പ്രകടിപ്പിച്ചതായി അദ്ദേഹം ഇന്നലെ ഇന്ത്യ എഐ ഇംപാക്റ്റ് ഉച്ചകോടിയിൽ അറിയിച്ചു.

*************************

## REV. AMIT SHAH-ASSAM VISIT

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ രണ്ട് ദിവസത്തെ അസം സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഇന്തോ -

ബംഗ്ലാദേശ് അതിർത്തി പ്രദേശത്തെ നാഥൻപുർ ഗ്രാമം സന്ദർശിക്കുന്ന ശ്രീ അമിത് ഷാ സുരക്ഷ പ്രവർത്തനങ്ങൾ വിലയിരുത്തും. സിൽചാറിൽ Vibrant Villages Programme ന്റെ രണ്ടാം ഘട്ടത്തിനും കേന്ദ്ര ആഭ്യന്തര മന്ത്രി തുടക്കമിടും.

************************

**GOYAL-SWEDEN FINLAND**

ഗ്രീൻ ടെക്, ഗവേഷണം, വികസനം തുടങ്ങിയ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിലെ പ്രതിബദ്ധത ആവർത്തിച്ച് ഇന്ത്യയും സ്വീഡനും. സ്വീഡിഷ് ഉപപ്രധാനമന്ത്രി എബ്ബാ ബുഷുമായി കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ ഇന്നലെ ന്യൂഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് ഇത് സംബന്ധിച്ച തീരുമാനം. ഇന്ത്യയിലെ നൈപുണ്യമുള്ള യുവജനങ്ങളും സ്വീഡന്റെ നവീകരണ ശക്തിയും ഇരുരാജ്യങ്ങളുടെ സുസ്ഥിര വളർച്ചയ്ക്കുള്ള ഘടകങ്ങളാണെന്ന് ശ്രീ പീയുഷ് ഗോയൽ വ്യക്തമാക്കി.

************************

**EC-SIR**

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണവുമായി ബന്ധപ്പെട്ട മുന്നൊരുക്ക നടപടികൾ പൂർത്തിയാക്കാൻ 22 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാർക്ക് നിർദ്ദേശം നൽകി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കർണാടക, ആന്ധ്രാപ്രദേശ്, ഡൽഹി, പഞ്ചാബ് തുടങ്ങിയ ഇടങ്ങളിൽ ഏപ്രിൽ മാസത്തോടെ എസ് ഐ ആർ നടപടിക്രമങ്ങൾ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും കമ്മീഷൻ അറിയിച്ചു. നിലവിൽ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും എസ് ഐ ആർ നടപടികൾ പുരോഗമിക്കുകയാണ്.

************************

**S I R (INTRO)**

കേരളത്തിൽ എസ് ഐ ആറുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും. അതെസമയം, അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

(വോയിസ്)

*************************

## KERALA - KARNATAKA - MEETING

നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി കേരളത്തിലെയും കർണാടകയിലെയും അതിർത്തി പങ്കിടുന്ന ജില്ലകളിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം മംഗലാപുരത്ത് നടന്നു. കാസർഗോഡ് ജില്ലാ കലക്ടർ കെ ഇമ്പശേഖർ, ജില്ലാ പോലീസ് മേധാവി, ദക്ഷിണ കന്നഡ ഡപ്യൂട്ടി കമ്മീഷണർ തുടങ്ങിയവർ പങ്കെടുത്തു.

*************************

## PALAKKAD - M B RAJESH - PADDY

പാലക്കാട് ജില്ലയിൽ നെല്ലു സംഭരണം ഇന്ന് ആരംഭിക്കുമെന്ന് മന്ത്രി എം. ബി രാജേഷ്. ഇന്നലെ ഓൺലൈനായി ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. കർഷകർക്ക് കാലതാമസമില്ലാതെ പ്രാഥമിക സർവീസ് സഹകരണ സംഘങ്ങൾ മുഖേന വില ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു.

*************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് മറ്റന്നാൾ. പരിപാടിയുടെ 131-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഇന്ന് കൂടി അറിയിക്കാം.

************************

## COIMBATORE AIRPORT

കോയമ്പത്തൂർ വിമാനത്താവളത്തിലെ ഉഡാൻ യാത്രി കഫേ കേന്ദ്ര വ്യോമയാന മന്ത്രി രാംമോഹൻ നായിഡുവും കേന്ദ്ര സഹമന്ത്രിമാരായ മുരളീധർ മൊഹോലും എൽ. മുരുകനും ഇന്ന് സംയുക്തമായി ഉദ്ഘാടനം ചെയ്യും. കുട്ടികൾക്കുള്ള കളിസ്ഥലം, ജിഐ ഉൽപ്പന്നങ്ങൾക്കായുള്ള വിപണനകേന്ദ്രങ്ങൾ, ലൈബ്രറി തുടങ്ങിയ സൗകര്യങ്ങളും ഒരുക്കിയതായി വിമാനത്താവള ഡയറക്ടർ മുഹമ്മദ് ആരിഫ് മാധ്യമങ്ങളോട് പറഞ്ഞു. സിംഗപ്പൂർ, ഷാർജ തുടങ്ങിയ രാജ്യങ്ങളിലേക്കുള്ള വിമാനങ്ങൾ ഉൾപ്പെടെ പ്രതിദിനം 28 മുതൽ 30 വരെ സർവീസുകളാണ് കോയമ്പത്തൂരിൽ നിന്നുള്ളത്.

************************

## RAJNATH-MILAN (INTRO)

സമുദ്ര സുരക്ഷ മേഖലയിൽ ഇന്ത്യയെ വിശ്വസ്ത പങ്കാളിയായി മറ്റ് രാജ്യങ്ങൾ കാണുന്നതിന്റെ തെളിവാണ് മിലൻ നാവിക സേനാ അഭ്യാസത്തിന്റെ 13-ാാം പതിപ്പെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് മിലന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഇത്തവണ 74

രാജ്യങ്ങളാണ് നാവിക അഭ്യാസത്തിൽ പങ്കെടുക്കുന്നതെന്ന് ശ്രീ രാജ്നാഥ് സിങ് പറഞ്ഞു.

(വോയിസ്)

*************************

## SOCIAL JUSTICE DAY

ഇന്ന് ലോക സാമൂഹിക നീതി ദിനം. ദാരിദ്ര്യം, ലിംഗ അസമത്വം, തൊഴിലില്ലായ്മ തുടങ്ങിയ ആഗോള പ്രശ്നങ്ങൾ പരിഹരിക്കുന്നത് ലക്ഷ്യമിട്ടാണ് 2007 മുതൽ ദിനാചരണം സംഘടിപ്പിക്കുന്നത്. നാഷണൽ ലോ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് സാമൂഹിക നീതി-ശാക്തീകരണ മന്ത്രാലയം ഇന്ന് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും.

*************************

## RANJI TROPHY

11 വർഷത്തിനു ശേഷം കർണാടക രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ. ലഖ്നൗവിൽ ഉത്തരാഖണ്ഡിനെതിരെ നടന്ന രണ്ടാം സെമിഫൈനൽ സമനിലയിൽ പിരിയുകയായിരുന്നു. ഒന്നാം ഇന്നിംഗ്സ് ലീഡ് ആണ് കർണാടകയേ ഫൈനലിൽ എത്തിച്ചത്. ഈ മാസം 24 ന് ഹുബ്ലി ക്രിക്കറ്റ് ഗ്രൗണ്ടിൽ നടക്കുന്ന ഫൈനലിൽ കർണാടക ജമ്മു കശ്മീരിനെ നേരിടും.

*************************

## TRUMP - GAZA RELIEF PACKAGE

ഗാസയിൽ ശാശ്വത സമാധാനം പുനഃസ്ഥാപിക്കുന്നതും മേഖലയുടെ പുനർനിർമാണവും ലക്ഷ്യമിട്ട് രൂപീകരിച്ച ബോർഡ് ഓഫ് പീസിന്റെ ആദ്യ യോഗം വാഷിംഗ്ടൺ ഡി.സിയിൽ സമാപിച്ചു. സമിതി അംഗങ്ങൾ ചേർന്ന് ഗാസ ദുരിതാശ്വാസ പാക്കേജിനായി 7 ബില്യൺ യുഎസ് ഡോളറിലധികം നൽകുമെന്ന് യോഗത്തെ അഭിസംബോധന ചെയ്യുകൊണ്ട് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ചു. കഴിഞ്ഞ

വർഷം നവംബറിൽ UN സുരക്ഷാ സമിതി ബോർഡിന് അംഗീകാരം നൽകിയതായും ട്രംപ് പറഞ്ഞു.

*************************

## IRAN-US CLASH

ആണവകരാറുമായി ബന്ധപ്പെട്ട് അമേരിക്കയുമായി 15 ദിവസത്തിനുള്ളിൽ ധാരണയിലെത്തണമെന്ന് ഇറാനോട് നിർദേശിച്ച് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. കരാറിൽ എത്താൻ കഴിഞ്ഞില്ലെങ്കിൽ അത് ഇറാന് ദോഷകരമായി തീരുമെന്ന് ബോർഡ് ഓഫ് പീസ് ഉദ്ഘാടന യോഗത്തിന് ശേഷം ട്രംപ് മാധ്യമങ്ങളോട് വ്യക്തമാക്കി.

*

**************

******************************************************